**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6111** **17-03-2023 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിൽ വൺ ഡിസ്ട്രിക്ട് വൺ പ്രോഡക്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിൽ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് വ്യവസായ വകുപ്പിന് കീഴിൽ സ്ഥലം അനുവദിക്കാൻ ആവശ്യമായ സ്ഥലലഭ്യത നിലവിലുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യമിട്ട് കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ ഭാഗമായി പാലക്കാട് ഒരു സംയോജിത വ്യവസായ ക്ലസ്റ്റർ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾപുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിലെ കണ്ണമ്പ വില്ലേജിൽ 298 ഏക്കറും പാലക്കാട് പുതുശ്ശേരി സെൻട്രൽ I-ൽ 653 ഏക്കറും പുതുശ്ശേരി II-ൽ 501 ഏക്കറും പുതുശ്ശേരി III- ൽ 375 ഏക്കറും ഉൾപ്പെടെ മൊത്തം 1827 ഏക്കർ ഭൂമി ഏറ്റെടുക്കുന്ന നടപടികളും പുരോഗമിച്ചു വരുന്നു. ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ 85% പൂർത്തികരിച്ചു കഴിഞ്ഞു. ഭൂമി പൂർണ്ണമായി ഏറ്റെടുത്ത് അടിസ്ഥാനസൗകര്യങ്ങൾ പൂർത്തീകരിച്ച് പാർക്കുകൾ സജ്ജമാകുന്ന മുറയ്ക്ക് സംരംഭകർക്ക് ആവശ്യമായ സ്ഥലം ലഭ്യമാകുന്നതാണ്. |
| (ബി) | വൺ ഡിസ്ട്രിക്ട് വൺ പ്രോഡക്ടിന്റെ ഭാഗമായി പാലക്കാട് ജില്ലയിൽ എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (ബി) | പാലക്കാട് ജില്ലയിൽ സൂക്ഷ്മ ഭക്ഷ്യ സംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി വഴി ആരംഭിച്ച 11 യൂണിറ്റുകളിൽ വൺ ഡിസ്ട്രിക്ട് വൺ പ്രോഡക്ടിന്റെ ഭാഗമായി 4 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | വ്യവസായ നിക്ഷേപ സൗഹൃദത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ? | (സി) | വ്യവസായ നിക്ഷേപ സൗഹൃദത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## വ്യവസായ നിക്ഷേപ സൗഹൃദത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതികൾ

സംസ്ഥാനം വ്യവസായ സൗഹൃദം ആക്കുവാനായി 7 നിയമങ്ങളിലും 10 ചട്ടങ്ങളിലും ഭേദഗതി വരുത്തി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് നിലവിൽ വന്നിട്ടുണ്ട്. വിവിധ വകുപ്പുകളിൽ നിന്നുള്ള ലൈസൻസുകളും അനുമതികളും ലഭ്യമാക്കുന്നത് സുഗമമാക്കാൻ ഓൺലൈൻ ഏകജാലക പോർട്ടൽ ആയി കെ-സ്വിഫ്റ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പ്രശ്ന പരിഹാരത്തിനായി കെ.എസ്.ഐ.ഡി.സി യുടെ നേതൃത്വത്തിൽ ഒരു കാൾ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

വിവിധ വകുപ്പുകളിലെ വ്യവസായവുമായി ബന്ധപ്പെട്ട നിയമങ്ങൾ സുഗമമാക്കുന്നതിനും ഗുരുതരമല്ലാത്ത പിഴവുകൾക്ക് ശിക്ഷ നടപടികൾ ഒഴിവാക്കുന്നതിനുമായുള്ള ഭേദഗതികൾ വരുത്തുവാൻ ഉള്ള നടപടികൾ വകുപ്പ് തലങ്ങളിൽ സ്വീകരിച്ച് വരുന്നുണ്ട്. കൂടാതെ വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിനും അവയെ കെ-സ്വിഫ്റ്റ് ഏകജാലക സംവിധാനവുമായി ഏകോപിപ്പിക്കുന്നതിനും ഉള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ച് വരുന്നുണ്ട്. ജില്ലാ സംസ്ഥാന തലങ്ങളിൽ ഏകജാലക ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ സേവനങ്ങളും മറ്റു വിവരങ്ങളും സംരംഭകരിൽ എത്തിക്കുന്നതിനായി വ്യവസായ വാണിജ്യ ഡയറക്ടറേറ് ഒരു യൂറ്റ്യൂബ് ചാനൽ, ഫേസ്ബുക്കിലും ഇൻസ്റ്റഗ്രാമിലും പ്രൊഫൈലുകൾ എന്നിവ ആരംഭിച്ചിട്ടുണ്ട്.

ഇത് കൂടാതെ വിവിധ വകുപ്പുകളുടെ ഏകോപനത്തിൽ പരിശോധനകൾ സുഗമമാക്കുന്നതിന് കെ-സിസ് സംവിധാനം നിലവിൽ വന്നിട്ടുണ്ട്. ലൈസൻസുകൾ, അനുമതികൾ മുതലായവയുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കാൻ ജില്ലാ സംസ്ഥാന തലങ്ങളിൽ പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചു വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇത് കൂടാതെ വ്യവസായ വകുപ്പിനു കീഴിൽ ഉള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും, അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും 14 ജില്ലാ റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചിട്ടുണ്ട്.

ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലുമായി പ്രൊഫെഷണൽ യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ബോധവത്കരണ പരിപാടികൾ, ലോൺ/ ലൈസൻസുകൾ മേളകൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഇന്റേണുകളുടെ ഉത്തരവാദിത്വത്തിലായിരിക്കും നടക്കുക.

സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും, ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലേക്ക് വ്യവസായ വകുപ്പിന്റെ പ്രവർത്തനം മാറിക്കഴിഞ്ഞു. സംസ്ഥാനത്ത് വ്യാവസായിക നിക്ഷേപം ആകർഷിക്കുന്നതിനും സംസ്ഥാനത്തെ കൂടുതൽ നിക്ഷേപ സൗഹൃദമാക്കുന്നതിനും വ്യവസായ വകുപ്പ് സംരംഭകത്വ സഹായ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

വ്യവസായ നിക്ഷേപ സൗഹൃദത്തിന്റെ ഭാഗമായി കിൻഫ്രയുടെ കീഴിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1) കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി -

   വ്യാവസായിക ഉല്പാദന ക്ലസ്റ്റർ - പാലക്കാട് നോഡ്

   ഗിഫ്റ്റ്സിറ്റി - അയ്യമ്പുഴ, എറണാകുളം

2) പെട്രോകെമിക്കൽ പാർക്ക് - അമ്പലമുഗൾ, കൊച്ചി

3) സ്പൈസസ് പാർക്ക് - തൊടുപുഴ

4) വ്യവസായ പാർക്ക്- മട്ടന്നൂർ

5) ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം - രാമനാട്ടുകര

(signature)

**സെക്ഷൻ ഓഫീസർ**